## I. ദൈവത്തിന്റെ വിളിയുടെ ലക്ഷ്യം, വാഗ്ദത്തദേശത്തിന്റെ സമ്പന്നത ആസ്വദിക്കുവാൻ അതിലേക്ക് പ്രവേശിക്കണം—പുറ. 3:8, 14, 17

**A.** മിക്കവാറും എല്ലാ യിസ്രായേലും വീണു പോകുകയും, ലക്ഷ്യത്തുവാൻ കഴിയാതെ മരുഭൂമിയിൽ മരിക്കുകയും ചെയ്തു

**B.** നാമും ഇതുപോലെ ക്രിസ്തു ആകുന്ന നമ്മുടെ നല്ലദേശത്തിന്റെ അവകാശത്തിലേക്ക് പ്രവേശിക്കുന്നതിലും അവന്റെ സമ്പന്നത ആസ്വദിക്കുന്നതിലും പരാജയപ്പെട്ടേക്കാം

**C.** കാലേബിനെയും യോശുവയെയുംപോലെ, പുതിയനിയമ വിശ്വാസികളായ നാം "സമ്മാനത്തിനായി" "ലക്ഷ്യത്തിലേക്ക് പിൻപറ്റണം"

- മറ്റുള്ളവരിലേക്ക് വിശ്വാസത്തെ പകരണം
- ദൈവത്തിന്റെ വചനവും ദൈവഹിതം ചെയ്യുന്നതും മാത്രമല്ല അനാക്യരും നമ്മുടെ അപ്പമാണ്
- നമ്മുടെ വഴിയിൽ സാത്താൻ വയ്ക്കുന്ന ഏത് പ്രയാസവും പ്രലോഭനവും നമുക്ക് ആഹാരമാണ്
- അവന്റെ വാഗ്ദത്തങ്ങളിൽ പൂർണഹൃദയത്തോടെ വിശ്വസിക്കുകയും ആശ്രയിക്കുകയും, അവന് നമ്മെത്തന്നെ സമ്പൂർണമായി സമർപ്പിക്കണം
- അവിശ്വാസത്തിന്റെ ദുഷ്ടഹൃദയം ഉണ്ടാകാതിരിക്കുവാൻ നാം സൂക്ഷിക്കണം
- പിറുപിറുപ്പുകളെ നാം സൂക്ഷിക്കണം

## II. വിഗ്രഹാരാധനയിൽനിന്ന് ഓടിപ്പോകുക—1 കൊരി. 10:14

**A.** കർത്താവിനെക്കാളധികം നമ്മുടെ ഉള്ളിൽ സ്നേഹിക്കുകയും നമ്മുടെ ഉള്ളിൽ കർത്താവിന് പകരമായിരിക്കുകയും ചെയ്യുന്ന എന്തും നമ്മുടെ ഹൃദയത്തിലുള്ള ഒരു വിഗ്രഹമാണ്

## II. തുടർച്ച...

**B.** വിഗ്രഹാരാധനയിൽ അഞ്ച് തത്ത്വങ്ങൾ ഉൾപ്പെടുന്നു:

- സ്വയം-സൗന്ദര്യവൽക്കരണം
- ദൈവം നമുക്ക് നൽകിയതിനെ പാഴാക്കുന്നതും ദുരുപയോഗം ചെയ്യുന്നതും
- നാം ആസ്വദിക്കുന്ന വസ്തുക്കളുടെ ആരാധന, ഉല്ലാസത്തിന്റെയും വിനോദത്തിന്റെയും ആരാധന
- സത്യദൈവത്തെ ആരാധിക്കുക എന്ന നാട്യം
- ആരാധനയിലുള്ള കലർപ്പ്

**C.** മോശെ തന്റെ കൂടാരം നീക്കി പാളയത്തിൽനിന്ന് കുറച്ച് അകലെയായി കൂടാരമടിച്ചു; അവന്റെ കൂടാരം കർത്താവിന്റെ സാന്നിധ്യവും സംസാരവുമുള്ള ദൈവത്തിന്റെ കൂടാരമായിത്തിർന്നു

**D.** മോശെ ദൈവവുമായി ഉറ്റബന്ധമുള്ളവനും, ദൈവത്തിന്റെ ഹൃദയത്തെ സ്പർശിക്കുവാൻ കഴിഞ്ഞവനുമായ ഒരു വ്യക്തി ആയിരുന്നു

## III. പുതിയ തലമുറയ്ക്കുയ്ക്കുള്ള ഒരു പുതുക്കപ്പെട്ട പരിശീലനം

**A.** ഒന്നാമത്തെ തലമുറ നമ്മുടെ പഴയ മനുഷ്യനെ മുൻകുറിക്കുന്നു; രണ്ടാമത്തെ തലമുറ നമ്മുടെ പുതുമനുഷ്യനെ മുൻകുറിക്കുന്നു

- ദൈവത്തിന്റെ വ്യവസ്ഥ എന്നത് നമ്മുടെ പഴയ മനുഷ്യൻ (പുറത്തെ മനുഷ്യൻ) ദഹിപ്പിക്കപ്പെടുന്നതും നമ്മുടെ പുതുമനുഷ്യൻ (അകത്തെ മനുഷ്യൻ) അനുദിനം പുതുക്കപ്പെടുന്നതുമാണ്

**B.** ക്രിസ്തുവിന്റെ വചനം സമ്പന്നമായി നമ്മിൽ വസിക്കുമ്പോൾ ജീവനിലുള്ള നമ്മുടെ രൂപാന്തരം സംഭവിക്കുന്നു. ആവർത്തനപുസ്തകം 8:3-ലെ "സകലവും കൊണ്ട് ജീവിക്കുന്നു" എന്നത് മത്തായി 4:4-ൽ "സകല വചനത്താലും" കൊണ്ട് പകരംവയ്ക്കപ്പെടുന്നു

## III. തുടർച്ച...

- തിരുവെഴുത്തുകൾ ദൈവത്തിന്റെ നിശ്വാസം, ദൈവത്തിന്റെ ഉച്ഛ്വാസം ആയതുകൊണ്ട്, സകല പ്രാർഥനയാലും ദൈവവചനം സ്വീകരിച്ചുകൊണ്ട് നാം തിരുവെഴുത്തുകൾ ഉള്ളിലേക്ക് ശ്വസിക്കണം
- അനുദിനം കർത്താവിന്റെ പുതിയ സംസാരം സ്വീകരിച്ചുകൊണ്ട് നാം അവനുമായുള്ള നമ്മുടെ ഉന്മേഷവും പുതുമയും നിലനിർത്തണം
- നാം ദൈവത്തെ സ്നേഹിക്കുകയും, നമ്മെത്തന്നെ താഴ്ത്തുകയും, അവന്റെ വചനം പ്രാർഥനാവായന ചെയ്യുകയും വേണം

## IV. ഒമ്പതു കാര്യങ്ങളിൽ അവന്റെ ജനത്തോടുള്ള അവന്റെ ആജ്ഞ—ആവ. 1:12-22

**A.** നാം കർത്താവിനെ ഭയപ്പെടേണം

**B.** നാം ദൈവത്തിന്റെ വഴികളിൽ നടക്കണം;

**C.** നമ്മുടെ ദൈവമായ കർത്താവായ യേശുവിനെ നാം സ്നേഹിക്കണം

**D.** നമ്മുടെ പൂർണ ഹൃദയത്തോടും നമ്മുടെ ദേഹിയോടുംകൂടെ നാം ദൈവത്തെ സ്നേഹിക്കുകയും സേവിക്കുകയും വേണം;

**E.** നമ്മുടെ നന്മയ്ക്കുവേണ്ടി നാം അവന്റെ കല്പനകളും ചട്ടങ്ങളും പാലിക്കണം;

**F.** നമ്മുടെ ഹൃദയത്തിന്റെ അഗ്രചർമം നാം പരിച്ഛേദന ചെയ്യണം;

**G.** നാം ഇനിമേൽ ദുശ്ശാഠ്യമുള്ളവരായിരിക്കരുത്

**H.** ദൈവത്തിന്റെ മുഴുവൻ കല്പനയുമെന്ന നിലയിൽ ക്രിസ്തുവിനോട് നാം മുറുകെപ്പറ്റിയിരിക്കണം

**I.** നാം കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കണം